ഡിസംബർ 2018

# മെത്രാപ്പോലീത്തായുടെ കത്ത്



കർത്താവിൽ പ്രിയരേ,

2018 ലേക്ക് തിരിഞ്ഞുനോക്കുമ്പോൾ അവിസ്മരണീയമായ അനുഭവങ്ങളുടെ ധന്യത ഏറ്റുവാങ്ങിയ ഒരു സംവത്സരമാണ് നാം പിന്നിടുന്നത് എന്നോർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. മലങ്കര സഭയുടെ മെത്രാപ്പോലീത്ത ആയിരുന്ന പുന്നത്ര മാർ ദിവാന്നാസ്യോസ് മലങ്കര സഭയിൽ നവീകരണത്തിന്റെ ആവശ്യകതയെക്കുറിച്ചും അനിവാര്യതയെക്കുറിച്ചും പഠിക്കുന്നതിനായി ഒരു കമ്മിറ്റിയെ നിയമിച്ചിട്ട് 200 വർഷങ്ങൾ പിന്നിടുന്ന ഒരു വർഷമായിരുന്നു 2018. 13-ാം മാർത്തോമ്മാ ആയിരുന്ന മാത്യൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ 200-ാം ജന്മവാർഷികമാണ് 2018. മലങ്കര മാർത്തോമ്മാ സുവിശേഷസേവികാസംഘത്തിന്റെ ജന്മശതാബ്ദി വർഷമായും 2018 ആചരിക്കപ്പെടുന്നു. ഇന്നയോളം മലങ്കര മാർത്തോമ്മാ സുറിയാനി സഭയെ കാത്തുപരിപാലിച്ച വലിയവനായ ദൈവത്തിന് സ്തുതി സ്തോത്രങ്ങൾ അർപ്പിക്കാം.

2018 നമ്മിൽ നിന്നും ഒരു ചരിത്രമായി മാറുന്നു. ചരിത്രത്തെ നിയന്ത്രിക്കുന്ന ദൈവം സാധ്യതകൾ ഒരുക്കി പുതിയൊരു ചരിത്രം സൃഷ്ടിക്കുവാൻ 2019 നെ അണിയിച്ചൊരുക്കി നമുക്കു മുമ്പിൽ സമ്മാനിക്കുവാൻ ഒരുങ്ങുന്നു. ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്ക് പ്രകാശിച്ച് നമ്മുടെ കാലുകളെ സമാധാന മാർഗ്ഗത്തിൽ നടത്തേണ്ടതിന് ആർദ്രകരുണയാൽ നമ്മെ സന്ദർശിച്ച ഉദയനക്ഷത്രമായ സ്നാപകയോഹന്നാന്റെ ദൗത്യത്തെയും വെളിച്ചങ്ങളുടെ വെളിച്ചമായ ക്രിസ്തുവിന്റെ ആഗമനത്തെയും അനുസ്മരിച്ചുകൊണ്ടാണ് നാം പുതിയൊരു വർഷത്തിലേക്ക് പ്രവേശിക്കുന്നത്. സ്നാപക യോഹന്നാനെക്കുറിച്ച് സുവിശേഷകനായ യോഹന്നാൻ എഴുതിയിരിക്കുന്ന വാക്കുകൾ ഉന്നതമായ ദർശനത്തിന്റെ വചനപ്രകാശത്താൽ പ്രശോഭിതമാണ്. “ദൈവം അയച്ചിട്ട് ഒരു മനുഷ്യൻ വന്നു; അവന് യോഹന്നാൻ എന്നു പേർ. അവൻ സാക്ഷ്യത്തിനായി താൻ മുഖാന്തരം എല്ലാവരും വിശ്വസിക്കേണ്ടതിന് വെളിച്ചത്തെക്കുറിച്ച് സാക്ഷ്യം പറവാൻ തന്നെ വന്നു. അവൻ വെളിച്ചമായിരുന്നില്ല; വെളിച്ചത്തിന് സാക്ഷ്യം പറയേണ്ടുന്നവനത്രെ.” (യോഹ 1:6-8). ലോകത്തിന്റെ രക്ഷകനായ ക്രിസ്തു എന്ന വെളിച്ചത്തെ ഹൃദയത്തിൽ ഏറ്റുവാങ്ങി, ആ വെളിച്ചത്താൽ നിറഞ്ഞ്, സ്നാപക യോഹന്നാനെപ്പോലെ ആ വെളിച്ചത്തിന് സാക്ഷ്യം പറയുവാനുള്ള നിയോഗമാണ് നമുക്കുള്ളത് എന്ന് നാം തിരിച്ചറിയേണ്ടതാണ്. കർത്താവിന്റെ ജനനത്തിന്റെ രാത്രിയിൽ മാലാഖമാർ പാടി - “അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്ക് സമാധാനം”. ദൂതന്മാർ പറഞ്ഞ അടയാളം അന്വേഷിച്ച് ഇടയന്മാർ ചെന്നപ്പോൾ കണ്ടത് ഒരു മൃഗശാലയുടെ അന്തരീക്ഷത്തിൽ കിടക്കുന്ന ദൈവപുത്രനായ ക്രിസ്തുവിനെയായിരുന്നു. മാനവികത തളം കെട്ടി നിൽക്കുന്ന ഒരു ഭവനാന്തരീക്ഷമല്ല അവർ അവിടെ കണ്ടത് എന്ന് നാം ഓർക്കണം. ഗോത്രപിതാവായ യാക്കോബും ഭാര്യ റാഹേലും ഓമനപുത്രനായ യോസേഫും കൂടി ചേർന്ന് നൂറ്റാണ്ടുകൾക്കു മുമ്പ് ബേത്‌ലഹേമിലെ തെരുവുകളിലൂടെ നടക്കുകയുണ്ടായി. ഗർഭിണിയായ റാഹേൽ കാലം തികഞ്ഞപ്പോൾ ഒരു കുഞ്ഞിനെ പ്രസവിച്ചു. എന്നാൽ ബേത്‌ലഹേമിന്റെ വഴിയരികിലുള്ള ഒരു കരുവേലകത്തിന്റെ ചുവട്ടിലാണ് ആ സംഭവം നടന്നത്. ആ സംഭവം നടന്ന് നൂറ്റാണ്ടുകൾ കഴിഞ്ഞ് യോസേഫും ഗർഭിണിയായ മറിയയും ബേത്‌ലഹേമിലൂടെ നടക്കുമ്പോൾ കാലസമ്പൂർണ്ണതയിൽ തന്റെ കുഞ്ഞിന് പിറവിയെടുക്കാൻ ഒരു വഴിയമ്പലം പോലും മറിയയ്ക്ക് ലഭിച്ചില്ല. നിർജ്ജനപ്രദേശത്ത് എത്തി പെരുവഴികളിലൂടെ യാത്ര തുടരുമ്പോൾ രാത്രിയിൽ ആടുകളെ കാവൽ ചെയ്ത് കിടക്കുന്നതായ ഇടയന്മാർ വസിച്ചിരുന്ന സ്ഥലത്തിന്റെ സമീപത്ത് അവർ എത്തി. കാലം തികഞ്ഞു യേശു ജനിച്ചു. ലോകത്തിന്റെ നിത്യപ്രകാശം ഉദിച്ചു. ശീലകൾ ചുറ്റിയ കുഞ്ഞിനെ കിടത്തുവാൻ ഒരു ഇടം അന്വേഷിച്ചപ്പോൾ ആ ഇടയന്മാർ വസിച്ചിരുന്ന സ്ഥലത്തിന് സമീപത്തുള്ള ഒരു ആലയത്രെ ദൈവപുത്രനെ കിടത്തുവാൻ അവർക്ക് ലഭിച്ചത്. എന്നാൽ ആ സന്ദർഭത്തിലാണ് സ്വർഗ്ഗത്തിലെ മാലാഖമാർ മനോഹരമായ ഗാനം ആലപിച്ചതും ശിശുവിനെ പോയി കാണുവാൻ ഇടയന്മാർക്ക് ആഹ്വാനം നല്കിയതും. ക്രിസ്തുമസ് ദൈവം മനുഷ്യവർഗ്ഗത്തിനുവേണ്ടി കരുതിവച്ച രക്ഷയുടെ മഹോത്സവമാണെങ്കിൽ ആ മഹോത്സവത്തിലേക്ക് എത്തിച്ചേരുവാൻ ദൈവം ഒരുക്കിയ വഴികൾ എത്രയോ വിസ്മയകരമാണ്.

ഇന്നത്തെ രാഷ്ട്രീയസാമൂഹിക അന്തരീക്ഷത്തിലേക്ക് നോക്കിയാൽ പ്രതീക്ഷയുടെ ഉണർത്തുപാട്ടുകളേക്കാൾ അസ്ഥിരതയുടെയും അരക്ഷിതാവസ്ഥയുടെയും വിലാപഗാനങ്ങളാണ് നാം കേൾക്കുന്നത്. വ്യക്തിഹത്യയും മതമൗലീകമൂല്യങ്ങളുടെ അധഃപതനവും വ്യക്തമാക്കുന്ന പല സംഭവങ്ങളും ഇന്ന് നിരന്തരമായി സമൂഹമധ്യത്തിൽ അരങ്ങേറിക്കൊണ്ടിരിക്കുകയാണ്. തലമുറകളായി സമൂഹം അംഗീകരിച്ചിരിക്കുന്ന പല മൂല്യങ്ങളെയും അസ്ഥിരപ്പെടുത്തിക്കൊണ്ടുള്ള വിധിപ്രഖ്യാപനങ്ങൾ കോടതിവിധികളിലും പ്രതിഫലിക്കുന്നുണ്ട്. ദൈവം മോശയ്ക്കു നല്കിയ പത്തു കല്പനകൾ ഒരു മൂല്യാധിഷ്ഠിത സമൂഹത്തിന്റെ തന്നെ അടിസ്ഥാന ശിലകളാണെങ്കിൽ അതിൽ 7-ാമത്തെ കല്പനയായ വ്യഭിചാരം ചെയ്യരുത് എന്ന കല്പന യഹൂദ-ക്രൈസ്തവ-മുസ്ലീം വിശ്വാസ സമൂഹത്തെ സംബന്ധിച്ചിടത്തോളം കുടുംബഭദ്രതയുടെ തന്നെ അടിസ്ഥാന ശിലയാണ്. ഭാരതീയ സംസ്കാരവും കുടുംബ ഭദ്രതയ്ക്ക് ഏറ്റവും കൂടുതൽ ഊന്നൽ നല്കിയിട്ടുള്ള ഒരു സംസ്കാരമാണ്. ഒരു കാലത്ത് വ്യഭിചാരം ക്രിമിനൽ കുറ്റമായി പോലും പരിഗണിച്ചിരുന്ന സ്ഥാനത്ത് ഇന്ന് പോലീസ് സംരക്ഷണം പോലും അവർക്ക് ലഭിക്കുന്ന സാഹചര്യമാണ് വന്നിരിക്കുന്നത്. സ്വവർഗ്ഗ വിവാഹത്തിനു പോലും അനുമതി നല്കപ്പെടുമ്പോൾ വിവാഹത്തെക്കുറിച്ചുള്ള ദൈവത്തിന്റെ പാവനമായ ഉദ്ദേശ്യം പോലും വിസ്മരിക്കപ്പെടുകയല്ലേ? ആണും പെണ്ണുമായി ദൈവം മനുഷ്യനെ സൃഷ്ടിച്ചതിന്റെ തന്നെ ഉദ്ദേശ്യം പ്രത്യുല്പാദനത്തിലൂടെ ദൈവത്തിന്റെ ഉദ്ദേശ്യത്തിനനുസരിച്ച് കുഞ്ഞുങ്ങളെ വളർത്തിയെടുത്ത് അവരിലൂടെ ദൈവത്തിന് തന്റെ ലോകത്തെ കുറിച്ചുള്ള ഉദ്ദേശ്യം നിർവഹിക്കപ്പെടണമെന്നുള്ളതാണ്. മനുഷ്യരിലും

മൃഗങ്ങളിലും പക്ഷികളിലും സസ്യങ്ങളിലും രതി നൽകപ്പെട്ടിരിക്കുന്നത് പാവനമായ ഉദ്ദേശ്യത്തോടുകൂടിയാണ്. എന്നാൽ ആ ഉദ്ദേശ്യത്തിൽ നിന്ന് നാം മാറി സഞ്ചരിക്കുമ്പോൾ "മാനത്തോടിരിക്കുന്ന മനുഷ്യൻ വിവേകഹീനനായാൽ നശിച്ചുപോകുന്ന മൃഗങ്ങൾക്കു തുല്യനത്രെ" എന്ന സങ്കീർത്തനക്കാരന്റെ വാക്കുകൾ യാഥാർത്ഥ്യമായിത്തീരുന്ന ദുരന്ത കാഴ്ചകളിൽ നാം എത്തിച്ചേരും.

നവീകരണ കാലഘട്ടത്തിൽ ലഭിച്ച ദർശനത്തിൽ അടിസ്ഥാനപ്പെട്ടാണ് മാർത്തോമ്മാ സഭയിൽ സ്ത്രീപുരുഷ സമത്വം അനുവദനീയമായി തീർന്നത്. സ്ത്രീ ശാക്തീകരണം നവീകരണത്തിന്റെ ഒരു പ്രധാന ദർശനം തന്നെയായിരുന്നു. ആ ദർശനത്തിന്റെ സാക്ഷാത്കാരമാണ് മാർത്തോമ്മാ സുവിശേഷ സേവികാസംഘത്തിന്റെ രൂപീകരണം. സുവിശേഷ സേവികാസംഘം ശതാബ്ദി ആചരണത്തിന്റെ നിറവിൽ എത്തിനില്ക്കുകയാണ്. മാരാമൺ കൺവൻഷന്റെ തലേദിവസം 2019 ഫെബ്രുവരി 9-ാം തീയതി ശനിയാഴ്ച മാരാമൺ മണൽപ്പുറത്ത് ക്രമീകരിക്കുന്ന സേവികാസംഘത്തിന്റെ ശതാബ്ദി ആചരണത്തിന്റെ ഭാഗമായുള്ള ലോക മാർത്തോമ്മാ വനിതാ സമ്മേളനത്തിൽ അഖിലലോകസഭാ കൗൺസിൽ സെൻട്രൽ കമ്മിറ്റിയുടെ മോഡറേറ്ററായ Dr. Agnes Aboum മുഖ്യാതിഥിയായി പങ്കെടുക്കുന്നതാണ്. മാരാമൺ കൺവൻഷനിൽ ദീർഘവർഷക്കാലം ദൈവവചനത്തിന്റെ പ്രഭ ചൊരിഞ്ഞ ലോകപ്രശസ്ത സുവിശേഷ പ്രസംഗകനായിരുന്ന ഡോ. സ്റ്റാൻലി ജോൺസിന്റെ കൊച്ചുമകൾ ഡോ. ആനി മാത്യൂസ് യൂനസ് ആ യോഗത്തിൽ സംബന്ധിക്കുന്നതാണ്. ഒരു കാലഘട്ടത്തിൽ സ്ത്രീ ശാക്തീകരണത്തിന് നേതൃത്വം നല്കിയ പാശ്ചാത്യ വനിതകളായ മിസ്. നിക്കോൾസൺ, മിസ്. കെല്ലവെ, മിസ്. വാർഡ്, മിസ്. വൈനി എന്നിവരുടെ സേവനം നമുക്ക് ഒരിക്കലും വിസ്മരിക്കുവാൻ കഴിയുകയില്ല. അവരോടൊപ്പം നിന്ന് ശക്തമായ നേതൃത്വവും സഹകരണവും നല്കിയ മിസ് കാണ്ടമ്മ, മിസസ്സ് എം.സി. അലക്സാണ്ടർ തുടങ്ങിയ മാർത്തോമ്മാ സഭാംഗങ്ങളായ വനിതകളും നല്കിയ നിസ്വാർത്ഥമായ സേവനങ്ങളെ നന്ദിയോടുകൂടി അനുസ്മരിക്കുന്നു. ഇവരുടെ ധന്യമായ പാദമുദ്രകൾ പിന്നിട്ട് ദർശനത്തിന്റെ പുതുക്കത്തോടുകൂടി പുതിയൊരു നൂറ്റാണ്ടിലേക്ക് പ്രവേശിക്കുവാൻ മാർത്തോമ്മാ സേവികാസംഘത്തിന് കഴിയട്ടെ എന്ന് ആശംസിക്കുന്നു.

സഭ ഇന്ന് ഒരു പ്രതിസന്ധിയുടെ ഘട്ടത്തിലൂടെയാണ് കടന്നുപോകുന്നത്. എപ്പിസ്കോപ്പൽ തെരഞ്ഞെടുപ്പ് സംബന്ധിച്ച് സഭാ പ്രതിനിധിമണ്ഡലം നിയോഗിച്ച കമ്മറ്റിയുടെ പ്രമേയം അനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുവാനുള്ള ഉത്തരവാദിത്വം സഭാകൗൺസിലിനുണ്ട്. അത് തടഞ്ഞുവെയ്ക്കുവാനുള്ള അധികാരം സഭാകൗൺസിലിനോ എപ്പിസ്കോപ്പൽ സിനഡിനോ ഇല്ല എന്നുള്ള വസ്തുത അറിയിക്കട്ടെ. ഇക്കാര്യത്തിൽ ഒരു തീരുമാനത്തിന് സഭാമണ്ഡലത്തിന്റെ പ്രതികരണം അറിയുന്നതിനുവേണ്ടി മണ്ഡലം കൂടുന്നതിന് സഭാകൗൺസിലിൽ ഏകാഭിപ്രായം ഉണ്ടാകാതിരുന്നതിനാൽ മേൽ നടപടികൾ സ്വീകരിക്കേണ്ടതില്ല എന്ന് മെത്രാപ്പോലീത്താ റൂളിംഗ് നൽകി. ഭരണഘടന അനുസരിച്ച് മണ്ഡലത്തിനല്ലാതെ മണ്ഡലം നിയമിച്ച കമ്മറ്റിയുടെ തീരുമാനം സ്ഥിരീകരിക്കുവാനോ റദ്ദാക്കുവാനോ ഉള്ള അവകാശം ഭരണഘടനാപ്രകാരം സഭാകൗൺസിലിനില്ല എന്നത് ഒരു വസ്തുതയാണ്. എന്നാൽ കൗൺസിലിൽ ഒരു ന്യൂനപക്ഷം ഭിന്നാഭിപ്രായം പ്രകടിപ്പിച്ചതിനാൽ ഈ വ്യവസ്ഥ ഇന്നും നിലനില്ക്കുന്നു. ലീഗൽ അഫയേഴ്സ് കമ്മറ്റിയുടെ സാരം, മണ്ഡലത്തിന്റെ പ്രതികരണം സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാത്ത പക്ഷം ഇനിയൊരു പുതിയ നോമിനേഷൻ ബോർഡ് കൂടുന്നതിന് ഭരണഘടനാവ്യവസ്ഥ പാലിച്ചെങ്കിൽ മാത്രമേ സാധ്യമാകയുള്ളൂ എന്നാണ് എനിക്ക് ലഭിച്ച നിയമോപദേശം.

നവംബർ മാസത്തിൽ ചങ്ങനാശ്ശേരി മെട്രോപ്പോലീറ്റൻ ഇടവകയുടെ 900-ാമത് വാർഷികത്തിലും ജൂബിലി സമ്മേളനത്തിലും അവരുടെ ക്ഷണം സ്വീകരിച്ച് പങ്കെടുക്കുകയും 9-ാം ശതാബ്ദിയുടെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. കോട്ടയം സെന്റ് തോമസ് ഇടവകയുടെ സ്ഥാപകനും ഇടവകവികാരിയും 24-ാമത്തെ വയസ്സിൽ ആകമാന സുറിയാനി സഭയുടെ വൈദികട്രസ്റ്റിയുമായിരുന്ന താഴത്ത് ചാണ്ടപ്പിള്ള കത്തനാരുടെ അനുസ്മരണ പ്രഭാഷണം നാം നിർവ്വഹിക്കുകയുണ്ടായി. മലങ്കര സഭയുടെ 13-ാം മാർത്തോമ്മായോടു ചേർന്ന് അച്ചൻ അനുഷ്ഠിച്ച നിസ്തുല്യ സേവനം അവിസ്മരണീയവും ആദരണീയവുമാണ്. നിലയ്ക്കൽ എക്യുമെനിക്കൽ ട്രസ്റ്റിന്റെ 10-ാമത് സമ്മേളനം നവംബർ 13-ാംതീയതി നമ്മുടെ സഭയുടെ ആതിഥേയത്വത്തിൽ തിരുവല്ല പൂലാത്തീനിൽ നടക്കുകയുണ്ടായി. നിലയ്ക്കലിലുള്ള എക്യുമെനിക്കൽ പള്ളിയുടെ പുനർനിർമ്മാണം സംബന്ധിച്ച് ചർച്ച ചെയ്യുകയും തീരുമാനം കൈക്കൊള്ളുകയും ചെയ്തു. എക്യുമെനിക്കൽ ട്രസ്റ്റിലെ അംഗസഭകൾ പത്തുലക്ഷം രൂപ എങ്കിലും ഈ ആവശ്യത്തിലേക്ക് നല്കണമെന്ന് തീരുമാനിക്കുകയുണ്ടായി. ഈ എക്യുമെനിക്കൽ പ്രസ്ഥാനത്തെ കൈതുറന്ന് സഹായിക്കുവാൻ നാമും ബാധ്യസ്ഥരാണ്.

നവംബർ 16-ാം തീയതി ദുബായ് മാർത്തോമ്മാ ഇടവകയുടെ ഗോൾഡൻ ജൂബിലി ആചരിക്കപ്പെട്ടു. അതിൽ പോയി സംബന്ധിക്കുവാൻ ഇടയായതോർത്ത് ദൈവത്തെ സ്തുതിക്കുന്നു. 1976 ൽ നാം ദുബായ് സന്ദർശിച്ച വേളയിൽ അന്ന് അവിടെ ഉണ്ടായിരുന്ന മാർത്തോമ്മാ സഭാംഗങ്ങൾ ശ്രീ. കെ.എസ്. വർക്കിയുടെ ഭവനത്തിൽ ആദ്യമേ കൂടി വന്നതും അവരോടൊപ്പം സമയം ചിലവഴിച്ചതും ഈ സമയം ഓർക്കുന്നു. അദ്ദേഹത്തിന്റെ ഭവനത്തിൽ കൂടിയ നമ്മുടെ മാർത്തോമ്മാ സഭാംഗങ്ങളുടെ കൂട്ടായ്മയിൽ നിന്നും രൂപപ്പെട്ടുവന്നതാണ് പിന്നീട് ഒരു ഇടവകയുടെ രൂപീകരണത്തിന് കാരണമായിത്തീർന്നത്. ദുബായ് ഇടവക ഇന്ന് സഭയുടെ തന്നെ പ്രബലമായ ഒരു ഇടവകയാണ്. യു.എ.ഇ ലുള്ള സഭയുടെ വളർച്ചയ്ക്കും ഇടവകകളുടെ രൂപീകരണത്തിനും ദുബായ് ഇടവക നല്കിയ സേവനം എന്നും അനുസ്മരിക്കേണ്ടതത്രെ. ആ ഇടവക നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന ജീവകാരുണ്യപ്രവർത്തനങ്ങൾ പ്രശംസനീയമാണ്. അരനൂറ്റാണ്ട് പിന്നിടുന്ന ഇടവകയ്ക്ക് ഹൃദ്യമായ ആശംസകൾ നേരുന്നു. ഈ സന്ദർശനവേളയിൽ ഷാർജ ഇടവകയിൽ ക്രമീകരിച്ച മലങ്കര സഭാതാരകയുടെ ശതോത്തരരജതജൂബിലി സമ്മേളനത്തിലും നാം അദ്ധ്യക്ഷത വഹിക്കുകയുണ്ടായി. ബാംഗ്ലൂരിൽ വച്ചു നടന്ന ബൈബിൾ സൊസൈറ്റിയുടെ മീറ്റിംഗിൽ സംബന്ധിക്കുകയുണ്ടായി. 2019 -2023 വരെയുള്ള കാലഘട്ടത്തിലെ ബൈബിൾ സൊസൈറ്റിയിലെ ജനറൽബോഡി അംഗമായി നാം പ്രവർത്തിക്കണമെന്ന് അവർ ഐകകണ്ഠ്യേന അഭ്യർത്ഥിക്കുകയും നാം അത് സ്വീകരിക്കുകയും ചെയ്തു.

നവംബർ 21-ാം തീയതി മാങ്ങാനം മോചനയുടെ സിൽവർ ജൂബിലി ആഘോഷപരിപാടികളുടെ സമാപന സമ്മേളനവും നവംബർ 23-ാം തീയതി കടമ്മനിട്ട എം.റ്റി. എൽ.പി. സ്കൂളിന്റെ നവതി ആഘോഷപരിപാടികളും ഉദ്ഘാടനം ചെയ്തു. നവംബർ 24-ാം തീയതി മാങ്ങാനം റ്റി.എം.എ.എം. റിസേർച്ച് ആന്റ് ഓറിയന്റേഷൻ സെന്ററിൽ 32-ാമത് തോമസ് മാർ അത്താനാസ്യോസ് സ്മാരക പ്രഭാഷണ സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു. നവംബർ 29-ാം തീയതി നമ്മുടെ എം.റ്റി. & ഇ.എ. സ്കൂൾസ് കോർപ്പറേറ്റ് മാനേജ്മെന്റിന്റെ ആഭിമുഖ്യത്തിലുള്ള മാത്തോമ്മാ ട്രോഫിക്കുവേണ്ടിയുള്ള കായികമേള ഉദ്ഘാടനം ചെയ്തു.

നവംബർ 27,28,29,30 തീയതികളിൽ ചരൽക്കുന്നിൽ വെച്ച് നടന്ന പട്ടക്കാരുടെ വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്തു. ക്രമീകൃതമായ രീതിയിൽ നടത്തപ്പെട്ട

ഈ സമ്മേളനത്തിൽ വിനിമയം ചെയ്യപ്പെട്ട ആശയങ്ങളും ദർശനങ്ങളും ഉൾക്കൊണ്ട് കൂടുതൽ സമർപ്പണത്തോടുകൂടി ശുശ്രൂഷ ചെയ്യുവാൻ എല്ലാ പട്ടക്കാർക്കും ഇടയാകട്ടെ എന്ന് ആശംസിക്കുന്നു. ഡി.എസ്.എം.സിയുടെ ആഭിമുഖ്യത്തിൽ പുൽക്കൂട്ടിൽ പൂക്കാലം എന്ന ക്രിസ്മസ് ഗാനശുശ്രൂഷ നവംബർ 30-ാം തീയതി ഡോ. അലക്സാണ്ടർ മാർത്തോമ്മാ ആഡിറ്റോറിയത്തിൽ വച്ച് ഹൃദ്യമായി നടത്തപ്പെട്ടു. 2018 സംവത്സരം നമ്മുടെ നിരവധി ഇടവകകളിൽ രജതജൂബിലി, കനകജൂബിലി, ശതാബ്ദി എന്നിങ്ങനെയുള്ള ആചരണപരിപാടികൾ നടക്കുകയുണ്ടായി. ദൈവം നടത്തിയ കൃപയുടെ വഴികളെ നമുക്ക് നന്ദിപൂർവ്വം സ്മരിക്കാം.

ഷെവലിയാർ എം.ഐ. വർഗ്ഗീസ് ഫൗണ്ടേഷന്റെ 2018-ലെ ജനസേവാ പുരസ്കാരത്തിന് നമ്മെ തെരഞ്ഞെടുത്തിരിക്കുന്ന വിവരം ഔദ്യോഗികമായി ഫൗണ്ടേഷൻ നമ്മെ അറിയിക്കുകയുണ്ടായി. കോതമംഗലം, പുതുപ്പാടി മെറിയൻ അക്കാദമിയിൽ വച്ച് ഡിസംബർ 15-ാം തീയതി ശനിയാഴ്ച ഉച്ച കഴിഞ്ഞ് 2.30 ന് നടക്കുന്ന 15-ാം വാർഷിക സമ്മേളനത്തിലാണ് ഈ പുരസ്കാരസമർപ്പണം നടക്കുന്നത്. ഈ പുരസ്കാരത്തിനായി നമ്മെ തെരഞ്ഞെടുത്തതിലുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

നമ്മുടെ തിരുവല്ല മാർത്തോമ്മാ റസിഡൻഷ്യൽ സ്കൂൾ ഈ വർഷം എഡ്യുക്കേഷൻ ടുഡേ എന്ന മാഗസിൻ നടത്തിയ ഒരു സർവ്വേയിൽ India's Top 20 Boarding School കാറ്റഗറിയിൽ പ്രവർത്തനമികവിൽ കേരളത്തിൽ ഒന്നാം റാങ്കും അഖിലേന്ത്യാതലത്തിൽ 11-ാം റാങ്കും കരസ്ഥമാക്കുകയുണ്ടായി. ബന്ധപ്പെട്ട എല്ലാവരേയും പ്രത്യേകം അഭിനന്ദിക്കുന്നു.

ഡിസംബർ മാസത്തിലെ ധ്യാനത്തിലേക്ക് നാം പ്രവേശിക്കുന്നത് 25 നോമ്പ് ആരംഭത്തോടുകൂടിയാണ്. ഡിസംബർ 2-ാം തീയതി ഞായറാഴ്ച വേദപുസ്തക ദിനമായി സഭ ആചരിക്കുകയാണ്. നമ്മുടെ കാലിന് ദീപവും പാതയ്ക്കു പ്രകാശവുമായി ദൈവം നൽകിയിരിക്കുന്ന ദൈവവചനം നമ്മുടെ ജീവിതവഴികളിലെ വഴിവെളിച്ചവും മാർഗ്ഗരേഖയും ഹൃദയത്തിന്റെ നിത്യവെളിച്ചവുമാണ്. വേദപുസ്തകവിതരണ യജ്ഞത്തിൽ നമ്മുടെ ബൈബിൾ സൊസൈറ്റി നിർവ്വഹിച്ചുവരുന്ന സേവനങ്ങളെ ഓർത്ത് നമുക്ക് ദൈവത്തെ സ്തുതിക്കാം. എലിസബേത്തിന്റെ അടുക്കലേക്കുള്ള കന്യകമറിയാമിന്റെ യാത്രയെക്കുറിച്ചാണ് അന്ന് സഭയായി ധ്യാനിക്കുന്നത്. പരിശുദ്ധാത്മാവിനാൽ ഗർഭിണിയായ വിശുദ്ധ കന്യകമറിയാം ആ ദിവ്യരഹസ്യം തന്റെ ഉദരത്തിൽ ഒരു യാഥാർത്ഥ്യമായി ഉൾക്കൊണ്ടപ്പോൾ സംഘർഷനിർഭരമായ ഒരു പ്രതിസന്ധിയാണ് ഉൾക്കൊണ്ടത്. മുമ്പിലേക്ക് നോക്കുമ്പോൾ, കല്ലെറിഞ്ഞ് കൊല്ലപ്പെടുവാൻ പോലും സാധ്യതയുള്ള മരണത്തിന്റെ കരിമുഖം; പിന്നിലേക്ക് നോക്കിയാൽ വലിയവനായ ദൈവത്തിന്റെ വാഗ്ദത്തത്തിന്റെ ഉറപ്പ്. എന്നാൽ വിശുദ്ധ മറിയം കൃപയുടെ വഴി തിരഞ്ഞെടുത്തു. ദൂതൻ മറിയയോടു ആശംസിച്ചത് "കൃപ ലഭിച്ചവളേ നിനക്ക് വന്ദനം എന്നാണ്". 'കൃപ ലഭിച്ചവൾ' എന്നാണ് ദൂതൻ സംബോധന ചെയ്യുന്നത്; 'കൃപ നിറഞ്ഞവൾ' എന്നല്ല എന്ന് നാം പ്രത്യേകം ഓർക്കണം. കൃപ ലഭിച്ച മറിയ കൃപ ലഭിച്ച എലിസബേത്തിനെ തേടി സംഘർഷനിർഭരമായ മനസ്സോടുകൂടി യാത്ര ചെയ്ത് എലിസബേത്തിന്റെ വീട്ടിലെത്തുമ്പോൾ അവരുടെ കണ്ടുമുട്ടൽ രണ്ടുപേരുടെയും സംഘർഷത്തെ ലഘൂകരിക്കുകയും അവർ രണ്ടുപേരും ആത്മനിർവൃതിയിൽ ദൈവത്തിന് മഹത്വം കരേറ്റുകയുമാണ് ചെയ്യുന്നത്. കൃപ ലഭിച്ചവരുടെ സംഗമമാണ് എല്ലാ സംഘർഷങ്ങൾക്കും പരിഹാരമായി തീരേണ്ടത് എന്ന പാഠം ഈ ചരിത്രസംഭവം നമ്മെ പഠിപ്പിക്കുന്നു. തുടർന്ന് നാം ധ്യാനിക്കുന്നത് യോഹന്നാൻ സ്നാപകന്റെ ജനനത്തെക്കുറിച്ചാണ്. കർത്താവിനുവേണ്ടി വഴിയൊരുക്കുവാൻ വന്നവന്റെ ജനനമാണ് സ്നാപക യോഹന്നാന്റെ ജനനം. എട്ടാം നാളിൽ പരിച്ഛേദന ഏൽപ്പാൻ കുഞ്ഞിനെയുമായി കൊണ്ടുചെല്ലുമ്പോൾ എലിസബേത്ത് തന്റെ കുഞ്ഞിന് നിർദ്ദേശിക്കുന്ന പേര് യോഹന്നാൻ എന്നായിരുന്നു. അപ്പോൾ ആ പേരുള്ളവർ അവരുടെ ചാർച്ചയിൽ ഇല്ലല്ലോ എന്ന് മറ്റുള്ളവർ ഓർമ്മിപ്പിക്കുമ്പോൾ സെഖര്യാവിനോട് എന്തു പേരിടണമെന്ന് ആംഗ്യം കാട്ടി ചോദിക്കുമ്പോൾ സെഖര്യാവ് യോഹന്നാൻ എന്ന പേര് എഴുത്തുപലകയിൽ എഴുതിക്കൊടുക്കുമ്പോൾ സെഖര്യാവിന്റെ നാവിന്റെ ബന്ധനങ്ങൾ അഴിഞ്ഞ് സെഖര്യാവ് ദൈവത്തെ സ്തുതിക്കുന്ന കാഴ്ചയാണ് നാം അവിടെ കാണുന്നത്. അതിനുശേഷം സെഖര്യാവ് പാടിയ ഗാനം എത്രയോ മനോഹരമാണ്, ധന്യത ഉളവാക്കുന്നതാണ് (ലൂക്കൊസ് 1:68-79). ആ ഗാനത്തിന്റെ സമാപനവാക്കുകൾ നമ്മെ ഇപ്രകാരം അനുസ്മരിപ്പിക്കുന്നു - "ഇരുളിലും മരണനിഴലിലും ഇരിക്കുന്നവർക്കു പ്രകാശിച്ചു, നമ്മുടെ കാലുകളെ സമാധാനമാർഗ്ഗത്തിൽ നടത്തേണ്ടതിന്നു ആ ആർദ്രകരുണയാൽ ഉയരത്തിൽ നിന്നു ഉദയം നമ്മെ സന്ദർശിച്ചിരിക്കുന്നു" (ലൂക്കോ. 1:78-79). ആ ഉദയശോഭയിൽ ഉദയനക്ഷത്രത്തെ നിഷ്പ്രഭമാക്കിക്കൊണ്ട് നീതിയിൻ സൂര്യന്റെ ഉദയത്തിന്റെ ശോഭ നാം അനുഭവവേദ്യമാക്കുന്നു. ഉദയ നക്ഷത്രം ഇല്ലാതെയാകുന്നില്ല എന്നും നാം ഓർക്കേണ്ടതത്രെ. ഡിസംബർ 21 വെള്ളി മാർത്തോമ്മാ സഭാദിനമാണ്. യേശു അപ്പൊസ്തലനായ തോമസിനോട് ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു എന്നു പ്രഖ്യാപിക്കുന്ന സുവിശേഷഭാഗമാണ് നാം അന്ന് ധ്യാനിക്കുന്നത്. സഭയുടെ വിശ്വാസത്തിന്റെ അടിത്തറ വഴിയും സത്യവും ജീവനുമായ യേശുക്രിസ്തുവിലാണെന്ന് ജീവിതം കൊണ്ട് ഉറക്കെ പ്രഖ്യാപിക്കുമ്പോഴാണ് നാമും ക്രിസ്തുവിന്റെ ശിഷ്യത്വത്തിലേക്ക് കടന്നുവരുന്നത്. ഡിസംബർ 25 യൽദോ (രക്ഷകന്റെ ജനനം) പെരുന്നാളാണ്. പുതിയ ഉദയത്തിന്റെ അടയാളമാണ് ക്രിസ്തുമസ്. നമ്മുടെ പ്രാർത്ഥനാപുസ്തകത്തിൽ നാം സാക്ഷിക്കുന്നത് രക്ഷകൻ ഇന്ന് ഉദിച്ചു എന്നാണ്. ഈ ഉദയശോഭയിൽ നാം പ്രകാശിതരായി തീരുന്നത് എന്തിനുവേണ്ടിയാണ്? ക്രിസ്തുവിന്റെ പ്രകാശം ലോകത്തിന് കൊടുക്കുവാൻ നാം നമ്മെതന്നെ വിട്ടുകൊടുക്കുന്ന അനുഭവമായിരിക്കണം ക്രിസ്തുമസ്. Lighted to Lighten എന്ന സഭയുടെ ആപ്തവാക്യം തന്നെ ഈ ദർശനത്തിന്റെ പ്രതിഫലനമാണ്. നാം ഇതുവരെ അറിഞ്ഞിട്ടില്ലാത്തതും കേട്ടിട്ടില്ലാത്തതും കണ്ടിട്ടില്ലാത്തതുമായ പുതുവത്സരത്തിലേക്ക് ക്രിസ്തുവിലൂടെ ലഭ്യമാകുന്ന വെളിച്ചവുമായി നാം പ്രവേശിക്കുമ്പോൾ നമ്മുടെ വഴികൾ പ്രകാശപൂരിതമായിത്തീരും. നമ്മുടെ റവ. സാജൻ പി. മാത്യു അച്ചൻ പണ്ടെഴുതിയതായ ഒരു ഗാനം വളരെ ചിന്തോദ്ദീപകമാണ്.

"മിന്നിമിന്നിത്തിളങ്ങുന്ന താരകമേ  
കണ്ണുചിമ്മിചിരിക്കുന്ന താരകമേ  
അംബരവീഥിതൻ സുന്ദരിയായി നീ  
എങ്ങനെയുണ്ടായി പറയുമോ എങ്ങനെയുണ്ടായി?  
സർവ്വ വല്ലഭനാം ദൈവം എന്നെ നിർമ്മിച്ചു  
എന്നിൽ ഈ പ്രകാശവും തൻ കരം സൃഷ്ടിച്ചു  
നിന്നെയും നിൻ കൂട്ടരെയും തൻ കരം സൃഷ്ടിച്ചു  
നിങ്ങളും ചെറു പ്രകാശമായ് ഭൂമിയിൽ ശോഭിപ്പാൻ"

പുതുസംവത്സരം ക്രിസ്തുവിൽ നിന്നും വെളിച്ചമുൾക്കൊണ്ട് പ്രകാശിതരായ് നമ്മുടെ പ്രവർത്തനമേഖലകളെയും ചുറ്റുപാടുകളെയും പ്രകാശിപ്പിക്കുവാൻ ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ

പുലാത്തീൻ,  
30-11-2018

**ഡോ. ജോസഫ് മാർത്തോമ്മാ**  
**മെത്രാപ്പോലീത്താ**